**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 395** — **29-01-2024 - ൽ മറുപടിയ്ക്ക്**

**എക്സൈസ് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കർണ്ണാടക അതിർത്തികളിൽ നിന്നും വ്യാപകമായ തോതിൽ മദ്യവും മയക്കുമരുന്നും സംസ്ഥാനത്തേക്ക് വരുന്നത് തടയുന്നതിന് എക്സൈസ് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ശക്തമായ പരിശോധന സംവിധാനം ഏർപ്പെടുത്താൻ നടപടികളുണ്ടാകുമോ; വിശദമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിൽ കർണ്ണാടക അതിർത്തിയിൽ മേജർ ചെക്ക്പോസ്റ്റായ മഞ്ചേശ്വരം, മൈനർ ചെക്ക്പോസ്റ്റുകളായ ആദൂർ, പെർള എന്നീ മൂന്ന് ചെക്ക്പോസ്റ്റുകളാണ് നിലവിലുള്ളത്. ജീവനക്കാരുടെ ലാവണം ഇല്ലാത്ത ചെക്ക്പോസ്റ്റുകളിൽ മറ്റ് എൻഫോഴ്സ്മെന്റ് ഓഫിസുകളിൽ നിന്നും ജീവനക്കാരെ താൽക്കാലികമായി നിയമിച്ച് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. അതിർത്തി റോഡുകളിൽ കൂടിയുള്ള മദ്യ-മയക്കുമരുന്ന് കടത്തു തടയുന്നതിനായി വിവിധ എൻഫോഴ്സ്മെന്റ് ഓഫീസുകളായ റേഞ്ച്, സർക്കിൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, ഇന്റലിജൻസ് യൂണിറ്റ്, ഹൈവേ പട്രോളിംഗ് ടീം, സ്ട്രൈക്കിംഗ് ഫോഴ്സ് ടീമുകൾ, സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ പ്രത്യേക പരിശോധനക്കായി രൂപീകരിച്ച കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) എൻഫോഴ്സ്മെന്റ് യൂണിറ്റ് എന്നിവ 24 മണിക്കൂറും പരിശോധനകൾ നടത്തി ലഹരികടത്ത് തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ